كـليــــــة دارالحســــــــنات الإســـلاميــــــة، كنّــادفــرمبـــا، كيـــرلا، الهـــند

# DARUL HASANATH ISLAMIC COLLEGE

**Affiliated to: DARUL HUDA ISLAMIC UNIVERSITY**
**Run by: DARUL HASANATH ISLAMIC COMPLEX**

Hasanath Nagar, Kannadipparamba, Niduvatt, PO. Narath- 670 601, Kannur, Kerala, India
Ph. 0497 -2797032, 9747544962, 9745589708, www.darulhasanath, Email: darulhasanath@gmail.com

## PROSPECTUS 2018-19

**ആമുഖം**

മതഭൗതിക വിദ്യാഭ്യാസ രംഗത്ത് ഉത്തര മലബാറിന്റെ അഭിമാനമായി മാറിയ സ്ഥാപനമാണ് കണ്ണൂർ കണ്ണാടിപ്പറമ്പ് ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് കോളേജ്. 2001 ഫെബ്രുവരി 4ന് സ്ഥാപിതമായ ഈ വൈജ്ഞാനിക കേന്ദ്രം ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് കോംപ്ലക്സിനു കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

ഈജിപ്തിലെ കൈറോ ആസ്ഥാമായി പ്രവർത്തിക്കുന്ന ഫെഡറേഷൻ ഓഫ് ഇസ്‌ലാമിക് യൂനിവേഴ്സിറ്റീസ് അംഗവും അൽ അസ്ഹർ, ടുണീഷ്യയിലെ സൈത്തൂന, ഡൽഹിയിലെ ഹംദർദ്, എ.എം.യു അലിഗഡ്, ഹൈദരാബാദിലെ മൗലാനാ ആസാദ്, ലിബിയയിലെ അൽ ഫത്ഹ് എന്നീ യൂനിവേഴ്സിറ്റികളുടെ അംഗീകാരവുമുള്ള മതഭൗതിക സമന്വയ രംഗത്തെ ഉന്നത കലാലയമായ മലപ്പുറം ജില്ലയിലെ ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയുടെ കണ്ണൂർ ജില്ലയിലെ പ്രഥമ സഹസ്ഥാപമാണ് ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് കോളേജ്.

**ലക്ഷ്യം**

ഇസ്‌ലാമിക സംസ്കാരത്തെയും നാഗരികതയെയും കുറിച്ച് വിദ്യാർത്ഥികൾക്ക് ആഴത്തിൽ അവബോധം നൽകുകയും അത് വഴി ആഗോള രംഗത്ത് ഇസ്‌ലാമിനെ കൃത്യമായി അടയാളപ്പെടുത്തുകയും പ്രബോധനം ചെയ്യുകയും ഇസ്‌ലാമിക ചിന്തകളിൽ അവഗാഹമുള്ള ആത്മീയ മുസ്‌ലിം ബുദ്ധിജീവികളെ വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് ദാറുൽ ഹുദായുടെ സുപ്രധാന ലക്ഷ്യം.

കാലഘട്ട ത്തിന്റെ അനിഷേധ്യ താൽപര്യം പരിഗ ണിച്ച്, മേൽപറഞ്ഞ ദൗത്യനിർവഹണത്തിന് ഒഴിച്ചു കൂടാനാവാത്ത ശാസ്ത്ര-സാമാന്യ വിജ്ഞാനങ്ങളും അറബി-ഉർദു-ഇംഗ്ലീഷ് ഭാഷാ നൈപുണ്യവും പ്രസംഗ-തൂലികാ പരിചയവും കംപ്യൂട്ടർ പരിശീലനവും വിദ്യാർത്ഥികൾക്ക് നേടിക്കൊടുക്കും.

**പാഠ്യപദ്ധതി:**

12 വർഷം നീണ്ടു നിൽക്കുന്ന പഠന സംവിധാനമാണ് ദാറുൽ ഹുദായുടേത്. 5 വർഷം സെക്കന്ററി, രണ്ട് വർഷം സീനിയർ സെക്കന്ററി, മൂന്ന് വർഷം ഡിഗ്രി (6 സെമസ്റ്റർ), രണ്ട് വർഷം പി.ജി (4 സെമസ്റ്റർ) എന്നിങ്ങനെയാണ് പാഠ്യക്രമം. ഇതോട് കൂടി ഗവ. അംഗീകൃതSSLC, +2, യു.ജി.സി അംഗീകാരമുള്ള യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിഗ്രിയും വിദ്യാർത്ഥികൾക്ക് നേടിക്കൊടുക്കുന്നതാണ്.

**യോഗ്യത:**

സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന്റെ അഞ്ചാം ക്ലാസ് പൊതു പരീക്ഷ പാസാവുകയും പന്ത്രണ്ട് വയസ്സ് കവിയാതിരിക്കുകയും ചെയ്യുന്ന ആൺകുട്ടികൾക്ക് അപേക്ഷിക്കാം. *(2006 ജൂൺ 5 നും 2008 ജൂൺ 5 നും ഇടയിൽ ജനിച്ചവരായിരിക്കണം)*

ഇക്കൊല്ലത്തെ പൊതുപരീക്ഷയിൽ പങ്കെടുത്ത് മികച്ച വിജയം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം. മുൻ വർഷമാണ് സമസ്ത പരീക്ഷ പാസായതെങ്കിൽ സർട്ടിഫിക്കറ്റിന്റെ ഫോട്ടോകോപ്പിയും സമർപ്പിക്കേണ്ടതാണ്. സമസ്ത പൊതു പരീക്ഷാ മാർക്ക് വെയിറ്റേജ് നൽകപ്പെടുന്നതായിരിക്കും

**സ്കൂൾ യോഗ്യത:**

അപേക്ഷകന്റെ സ്കൂൾ യോഗ്യതക്ക് പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല. എങ്കിലും പ്രസ്തുത പ്രായപരിധിയിലെ വിദ്യാർഥികളുടെ വിവരവും പൊതു വിജ്ഞാനവും ഉണ്ടായിരിക്കേണ്ടതാണ്.

**അപേക്ഷ:**

അപേക്ഷ ഓൺലൈനായാണ് പൂരിപ്പിക്കേണ്ടത്. www.darulhasanath.com, www.dhiu.in എന്നീ വെബ്സൈറ്റുകൾ വഴി അഡ്മിഷൻ ലിങ്കിൽ ആവശ്യമായ നിർദ്ദേശങ്ങൾ വായിച്ച് കൃത്യമായി പൂരിപ്പിക്കേണ്ടതാണ്.

**അപേക്ഷിക്കേണ്ട അവസാന തിയ്യതി: റമദാൻ 20.**

**വിശദ വിവരം പിറകെ വരുന്നുണ്ട്.**

**ഇന്റർവ്യൂ:**

യോഗ്യതകൾ ഒത്ത അപേക്ഷകരെ ഇന്റർവ്യൂവിനായി തെരഞ്ഞെടുക്കും. ഹാൾടിക്കറ്റും പ്രായം തെളിയിക്കുന്നതിനായി സ്കൂൾ, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ഏതെങ്കിലും ഒരു ഒറിജിനൽ സർട്ടിഫിക്കറ്റും സഹിതം നിശ്ചിത തിയ്യതിക്കും സമയത്തും കുട്ടിയുമായി രക്ഷിതാവ് സെന്ററിൽ ഹാജറാവേണ്ടതാണ്. ഹാൾ ടിക്കറ്റ് റമളാൻ അവസാന വാരം സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ് (രക്ഷിതാക്കളായി സ്ത്രീകളെ അംഗീകരിക്കുന്നതല്ല)

ഇന്റർവ്യൂ സമയം ഹാജറാക്കുന്ന രേഖ അപേക്ഷകന്റെ പ്രായം കൃത്യമായി തെളിയിക്കുന്നതിന് അപര്യാപ്തമായി വന്നാൽ ഓഫീസിൽ നിന്ന് നിശ്ചയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജറാക്കി വയസ്സ് തെളിയിക്കാൻ രക്ഷിതാവ് ബാധ്യസ്ഥനായിരിക്കും.

ദാറുൽ ഹുദാ & അഫിലിയേറ്റഡ് സെക്കന്ററി ഇൻസ്റ്റിറ്റ്യൂഷനുകളുടെ പ്രവേശന പരീക്ഷ **2018 ജൂൺ 23ന് ശനിയാഴ്ച** അതതു സെന്ററുകളിൽ (സ്ഥാപനങ്ങൾ) വെച്ച് നടക്കുന്നതാണ്. നിശ്ചയിക്കപ്പെട്ട സെന്ററിൽ തന്നെ പരീക്ഷക്കെത്തിയിരിക്കണം.

**അഡ്മിഷൻ**

സെലക്ഷൻ ലഭിച്ച വിദ്യാർഥികളുടെ രക്ഷിതാക്കൾ 2018 ജൂലൈ 1ന് ഞായറാഴ്ച വെബ്സൈറ്റിലെ സ്റ്റാറ്റസ് പേജിൽ നിന്നും ഡൗൺലോഡ് ചെയ്ത അഡ്മിറ്റ് കാർഡുമായി സ്ഥാപനത്തിൽ വന്ന് പ്രവേശന നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

പ്രവേശനസമയത്ത് 500 രൂപ അഡ്മിഷൻ ഫീയും 1500 രൂപ സ്റ്റുഡന്റ്സ് അക്കൗണ്ടിലേക്കും നൽകേണ്ടതാണ്.

അഡ്മിഷൻ ലഭിച്ച വിദ്യാർഥികളുടെ ക്ലാസ് ആരംഭം 2018 ജൂലൈ 4ന് ബുധനാഴ്ചയായിരിക്കും. അന്നേ ദിവസം ആവശ്യമായ വസ്തുക്കൾ സഹിതം സ്ഥാപനത്തിൽ കുട്ടിയെയും കൂട്ടി പിതാവ്/ രക്ഷിതാവ് രാവിലെ 9 മണിക്ക് ഹാജരാവേണ്ടതാണ്.

കുട്ടികളുടെ താമസം, ഭക്ഷണം, വിദ്യാഭ്യാസം, പ്രാഥമിക ചികിത്സ എന്നിവ സൗജന്യമായിരിക്കും.

നിരവധി വിദ്യാർഥികളാണ് അഡ്മിഷനു വേണ്ടി ഹാജറാകുന്നത്. അവരിൽ കഴിവും പ്രാപ്തിയുമുള്ള വിദ്യാർത്ഥികളെ ഇന്റർവ്യൂ മുഖേന തെരഞ്ഞെടുക്കുകയാണ് നാം ചെയ്യുന്നത്. ആയതിനാൽ പരീക്ഷ പാസായി അഡ്മിഷൻ ലഭിച്ചാൽ നിയമ വ്യവസ്ഥകൾക്ക് വിധേയമായി കോഴ്സ് പൂർത്തിയാക്കും വരെ കുട്ടിയെ പഠിപ്പിക്കാൻ രക്ഷിതാവ് തയ്യാറാകണമെന്ന് പ്രത്യേകം ഉണർത്തുന്നു.

**പ്രിൻസിപ്പൽ**

**Helpline No: 9745589708**

**അപേക്ഷ ഫോം പൂരിപ്പിക്കുന്നവർ കൈവശം കരുതേണ്ടവ**

1 വിദ്യാർത്ഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോയുടെ 300 kb യിൽ കൂടാത്ത കമ്പ്യൂട്ടർ കോപ്പി
2. ജനന സർട്ടിഫിക്കറ്റിലെ വിവരങ്ങൾ
3 പിതാവിന്റെയും രക്ഷിതാവിന്റെയും പേരും വിലാസവും
4 ഈ വർഷമാണ് പൊതുപരീക്ഷ എഴുതിയതെങ്കിൽ മദ്രസയുടെ അംഗീകാര നമ്പർ, പരീക്ഷാ നമ്പർ. മുൻ വർഷങ്ങളിൽ എഴുതി വിജയിച്ചതാണെങ്കിൽ പൊതുപരീക്ഷയുടെ മാർക്കും എഴുതിയ വർഷവും
5 വിദ്യാർത്ഥി പഠിച്ച സ്കൂളിന്റെ പേരും പഠനം പൂർത്തിയാക്കിയ ക്ലാസും
6 ദാറുൽഹുദായുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുക. താങ്കളുടെ പ്രദേശത്തോടുള്ള അടുപ്പം, അവിടങ്ങളിലെ പഠന നിലവാരം, സൗകര്യങ്ങൾ തുടങ്ങിയവ മനസ്സിലാക്കുക
7 താങ്കളുടെ സമീപത്തുള്ള പരീക്ഷാ സെന്ററുകൾ മനസ്സിലാക്കുക

**ഫോം പൂരിപ്പിക്കേണ്ട വിധം**

1 മുഴുവൻ കോളവും പൂരിപ്പിക്കണം
2 ഇംഗ്ലീഷ് അക്ഷരത്തിലാണ് പൂരിപ്പിക്കേണ്ടത്
3 വിദ്യാർത്ഥി സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ മദ്രസയിൽ പഠിച്ചവനായിരിക്കണം, മദ്രസ വിവരങ്ങൾ ചോദിക്കുന്ന സ്ഥലത്ത് അംഗീകരണ നമ്പർ ചേർക്കുക. ഇവിടെ ക്ലിക്ക് ചെയ്താൽ അൽപനേരം താമസം വന്നേക്കാം. കാത്തിരിക്കുക
4 മുൻവർഷമാണ് പൊതു പരീക്ഷ വിജയിച്ചതെങ്കിൽ മാർക്കും വർഷവും നൽകുക
5 ദാറുൽഹുദായുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് താങ്കളുടെ കുട്ടിയെ ചേർക്കാൻ താൽപര്യമുള്ളവ തെരഞ്ഞെടുക്കാൻ കഴിയും. താങ്കൾ നൽകുന്ന ജനന തിയ്യതിയും മദ്രസയും അനുസരിച്ച് പ്രവേശനം ലഭിക്കാവുന്ന സ്ഥാപനങ്ങൾ മാത്രമേ ഇവിടെ വരികയുള്ളൂ.
അനുയോജ്യമായവ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. പരമാവധി ഏഴു സ്ഥാപനങ്ങൾ നൽകാം. ഏഴിൽ കുറവ് ഓപ്ഷനേ ആവശ്യമുള്ളൂവെങ്കിൽ ബാക്കിയുള്ള ഭാഗം ഒഴിച്ചിട്ടാൽ മതി. അഡ്മിഷൻ ടെസ്റ്റ് പാസ്സാകുന്നവരെ റാങ്കും ഒപ്ഷനും നോക്കി പ്രവേശനം നൽകുന്നതാണ്.
6 ഓരോ സെന്ററിലും ബാക്കിയുള്ള സീറ്റുകൾ കാണിക്കുന്നതാണ്. പരീക്ഷാ സെന്ററും ചേർക്കാൻ താത്പര്യപ്പെടുന്ന സ്ഥാപനവും ഒന്ന് തന്നെ ആകണമെന്നില്ല.
7 മുഴുവൻ പൂരിപ്പിച്ച ശേഷം സബ്മിറ്റ് ബട്ടൻ അമർത്തിയാൽ ഒരിക്കൽ കൂടി വായിച്ചുനോക്കി ഉറപ്പ് വരുത്താനുള്ള പേജ് വരുന്നതാണ്. ഇവിടെ സേവ് ബട്ടൻ അമർത്തുക
8 ശേഷം വരുന്ന പേജിൽ നിന്ന് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്തു പ്രിന്റെടുക്കുക.

**പ്രിന്റെടുത്തതിനു ശേഷം**

9 പ്രിന്റ് ചെയ്ത അപേക്ഷാ ഫോം പ്രസ്ഥാന ഭാരവാഹികളെ കൊണ്ട് അറ്റസ്റ്റ് ചെയ്ത് താങ്കൾ തെരഞ്ഞെടുത്ത പരീക്ഷാ സെന്ററിൽ റമദാൻ 20 നു മുമ്പായി സമർപ്പിക്കുക.അപേക്ഷയോടൊപ്പം ജനന സെർട്ടിഫിക്കറ്റിന്റെ കോപ്പിയും മുൻ വർഷമാണ് പൊതു പരീക്ഷ പാസായതെങ്കിൽ മദ്റസ സെർട്ടിഫിക്കറ്റിന്റെ കോപ്പിയും സമർപ്പിക്കേണ്ടതാണ്.
10 പരീക്ഷാ സെന്ററിൽ 200 രൂപ നൽകി രശീതി വാങ്ങി സൂക്ഷിക്കേണ്ടതാണ്.
11 തുടർ നടപടികൾക്ക് റഫറൻസ് നമ്പറാണ് ഉപയോഗിക്കേണ്ടത്
12 പരീക്ഷക്കു വരുമ്പോൾ ഹാൾടിക്കറ്റ്, ജനന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ, മുൻ വർഷമാണ് മദ്രസ വിജയിച്ചതെങ്കിൽ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ എന്നിവ കൊണ്ട് വരണം
13 ഹാൾ ടിക്കറ്റ് റമളാൻ അവസാന വാരം സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്

# ദാറുൽഹുദാ അഫിലിയേറ്റഡ് സ്ഥാപനങ്ങൾ

*പ്രവേശന പരീക്ഷാ സെന്ററുകൾ ➩ കൊണ്ട് സൂചിപ്പിച്ചിരിക്കുന്നു.*

| | |
|---|---|
| **മലപ്പുറം** | ➩ ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റി, **ചെമ്മാട്**, 0494 2463155, 9847473569<br>➩ ഇസ്ലാഹുൽ ഉലൂം അറബിക് കോളേജ്, **താനൂർ**, 0494 2440694, 9037226410<br>➩ സബീലുൽ ഹിദായ ഇസ്ലാമിക് കോളേജ്, **പറപ്പൂർ**, കോട്ടക്കൽ, 0483 2647017, 9747394644<br>➩ ദാറുൽ ഹിദായ ദഅ്വാ കോളേജ്, **മാണൂർ**, എടപ്പാൾ, 0494 2698268, 9995911418<br>മഊനത്തുൽ ഇസ്ലാം അറബിക് കോളേജ്, **പുതുപൊന്നാനി,** 8129180991, 04942669080<br>➩ മൻഹജുർറശാദ് ഇസ്ലാമിക് കോളേജ്, **ചേലേമ്പ്ര**, 0483 2891603, 9947320477<br>➩ ദാറുൽ ഉലൂം ദഅ്വാ കോളേജ്, **തൂത**, ആനമങ്ങാട്, 04933 205249, 9847833068<br>ശൈഖ് ഫരീദ് ഔലിയാ കോളേജ്, **ഒടമല**, പെരിന്തൽമണ്ണ, 9847691313, 9446256358<br>➩ ദാറുൽ ഇർഫാൻ ഇസ്ലാമിക് അക്കാദമി, വള്ളുവങ്ങാട്, **പാണ്ടിക്കാട്**, 9747883796, 8089387394 |
| **കാസർഗോഡ്** | എം. ഐ. സി. ദാറുൽ ഇർശാദ് അക്കാദമി, ഉദുമ, **ചട്ടഞ്ചാൽ** 04994 280796, 9633616262<br>➩ മാലിക് ദീനാർ ഇസ്ലാമിക് അക്കാദമി, **തളങ്കര**, 04994 224171, 9496443945 |
| **കണ്ണൂർ** | **➩ദാറുൽ ഹസനാത്ത് ഇസ്ലാമിക് കോളേജ്, കണ്ണാടിപ്പറമ്പ്, 9745589708, 04972797032**<br>ബുസ്താനുൽ ഉലൂം അറബിക് കോളേജ്, **മാണിയൂർ,** 0497 2791108, 9744749020<br>➩ ദാറുസ്സലാം ഇസ്ലാമിക് അക്കാദമി, **തലശ്ശേരി,** 04902321128, 9809114923<br>➩ ദാറുൽ ഫലാഹ് ഇസ്ലാമിക് അക്കാദമി, **തളിപ്പറമ്പ്,** 0460 2200753, 9947680333 |
| **കോഴിക്കോട്** | ദാറുന്നജാത്ത് അറബിക് കോളേജ്, **കൂനഞ്ചേരി,** ബാലുശ്ശേരി, 0496 2705352, 9946171483<br>➩ കെ.എം.ഒ. ഇസ്ലാമിക് അക്കാദമി, **കൊടുവള്ളി,** 04952212520, 9847817754<br>➩ ശംസുൽ ഹുദാ അക്കാദമി, ഓർഫനേജ് കാമ്പസ്, **കുറ്റിക്കാട്ടൂർ**, 0495 2356145, 8281536145 |
| **വയനാട്** | ➩ ശിഹാബ്തങ്ങൾ ഇസ്ലാമിക് അക്കാദമി, **വാകേരി,** സു.ബത്തേരി, 9744722241, 8156991103 |
| **പാലക്കാട്** | ➩ ദാറുന്നജാത്ത് ഇസ്ലാമിക് കോംപ്ലക്സ്, **വല്ലപ്പുഴ**, 9447839820, 9497351291<br>നൂറുൽ ഹിദായ ഇസ്ലാമിക് അക്കാദമി, കൊണ്ടൂർക്കര, **പട്ടാമ്പി**, 9995491848, 9447973393 |
| **തൃശൂർ** | ➩ നഹ്ജുർറശാദ് ഇസ്ലാമിക് കോളേജ്, **ചാമക്കാല,** ചെന്ത്രാപ്പിന്നി, 0480 2837745, 9846902564 |
| **എറണാകുളം** | ➩ അൽഹിദായ ഇസ്ലാമിക് അക്കാദമി, **കളമശ്ശേരി,** കൊച്ചി, 9446576052, 9995077655 |
| **ഓഫ് കാമ്പസ്** | ➩ കർണാടക (മാടന്നൂർ, കാശിപട്ന, ഹാംഗൽ), സീമാന്ധ്ര, മുംബൈ, ആസാം, ബംഗാൾ 9633349729 |

**പരീക്ഷാ സെന്റർ: യു.എ.ഇ:** +971503113746, **ഖത്തർ:** +97455100267, **സഊദി അറേബ്യ:** +966558511498